LIBRARY ARCHIVES Kerala Legislative Assembly

മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണം

230 (3052) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ ചെറുപുഴ കാക്കയം ചാലിൽ മൂന്ന് വർഷം മുമ്പ് കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ കാക്കയം ചാലിൽ മറിയക്കുട്ടി കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പെരിങ്ങോം പി.എസ്.ക്രൈം നം. 188/2012 നമ്പർ കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ഇപ്പോൾ കോഴിക്കോട് ക്രൈംബ്രാഞ്ച് HHW-III യൂണിറ്റ് അന്വേഷണം നടത്തിവരികയും ചെയ്യുന്നു. (CBCID Cr. No. 774/CB HHW- III/KKD/12)

(ബി) ടി കേസ്സിലെ പ്രതികളെ കണ്ടെത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിന് വ്യക്തമായ യാതൊരു സൂചനകളും ലഭിക്കാതിരുന്ന സാഹചര്യത്തിൽ CBCID പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കാൻ ADGP ക്രൈംസിന് 22-4-2014-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

കട്ടാർകരയിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

231 (3053) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കട്ടാർകരയിലെ ചെല്ലുവേലിൽ വീട്ടിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇഴഞ്ഞുനീങ്ങുന്നതായി കാണിച്ച് ടിയാന്റെ മാതാവ് ഓമന പരാതി നൽകിയിരുന്നുവോ ;

(ബി) എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) അന്വേഷണത്തിന്റെ ചുമതല ഏത് ഓഫീസിനാണ് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതി ക്രൈംബ്രാഞ്ച് HHW-II എറണാകുളം യൂണിറ്റിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിൽ പോളീഗ്രാഫ്, ബ്രെയിൻമാപ്പിംഗ് തുടങ്ങിയ ശാസ്ത്രീയ കുറ്റാന്വേഷണരീതി ഉപയോഗിക്കുന്നതിന് ഈ കേസ്സിൽ പ്രതിയെന്ന് സംശയിക്കുന്ന ആൾ സന്നദ്ധനല്ലാത്തതിനാൽ പ്രതിയെ കണ്ടെത്തുന്നതിനുവേണ്ടി സൂക്ഷ്മവും കൃത്യവുമായ മറ്റ് ശാസ്ത്രീയ പരിശോധനകൾ നടത്തേണ്ടതുണ്ട് എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ക്രൈം 2705/2014 നമ്പർ കേസ് എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിൽ അന്വേഷണം നടത്തിവരുന്നു.

(സി) മരണപ്പെട്ട പ്രമോദിന്റെ മാതാവ് നൽകിയ പരാതിയിന്മേൽ ക്രൈംബ്രാഞ്ച് HHW-II എറണാകുളം യൂണിറ്റ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ മുഖേനയാണ് അന്വേഷണം നടത്തിയത്. ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ക്രൈം 2705/2014 നമ്പർ കേസ് എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിച്ചുവരുന്നു.

കസ്റ്റഡിയിലായവരെ മോചിപ്പിച്ചുകൊണ്ടുപോയ സംഭവങ്ങൾ

232 (3054) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലായിരുന്നവരെ മോചിപ്പിച്ചുകൊണ്ടുപോയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഏതെല്ലാം സംഭവങ്ങളുടെ അന്വേഷണത്തിന്റെ ഭാഗമായി പോലീസ് അറസ്റ്റ് ചെയ്തത് ആരെയെല്ലാം ; ആരെല്ലാം ചേർന്ന് പോലീസിനെ ഭീഷണിപ്പെടുത്തിയും അല്ലാതെയും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നിന്ന് മോചിപ്പിച്ച് കൊണ്ടുപോകുകയുണ്ടായിട്ടുണ്ട് ;

(സി) ഇപ്രകാരം പ്രതിയെ മോചിപ്പിച്ചുകൊണ്ടുപോയിട്ടുള്ള ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു ;

(ഡി) ഇത്തരം എത്ര കേസ്സുകൾ പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ?